CG

000595

**കേരള സർക്കാർ**

**സംഗ്രഹം**

സഹകരണ വകുപ്പ് - നെൽകർഷകർക്കുള്ള പലിശ രഹിത വായ്പാ പദ്ധതി - കോൾ കർഷക സഹകരണ സംഘങ്ങളെ കൂടി ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ബി) വകുപ്പ്**

സ.ഉ.(കൈ)നം. 42/2017/സഹ                    തീയതി, തിരുവനന്തപുരം, 28/12/2017

---

പരാമർശം:- 1. 28.03.2011 തീയതിയിലെ സ.ഉ.(കൈ) നം. 66/2011/സഹ നമ്പർ സർക്കാർ ഉത്തരവ്.

2. സഹകരണ സംഘം രജിസ്ട്രാറുടെ 24.12.2016 തീയതിയിലെ സി.ജി (1) 50815/16 നമ്പർ കത്ത്.

05 JAN 2018

**ഉത്തരവ്**

2010-11 സാമ്പത്തിക വർഷം മുതൽ സഹകരണ വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ സംസ്ഥാനത്തെ നെൽ കർഷകർക്ക് പലിശ രഹിത വായ്പാ പദ്ധതി നടപ്പാക്കുന്നതിന് അനുമതി നൽകിയും ഇതു സംബന്ധിച്ച ചട്ടങ്ങൾക്ക് അംഗീകാരം നൽകിയും പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. ടി പദ്ധതിയിൽ കോൾ കർഷക സഹകരണ സംഘങ്ങളെ കൂടി ഉൾപ്പെടുത്തണമെന്ന സഹകരണ സംഘം രജിസ്ട്രാറുടെ പരാമർശം (2) കത്തിലെ ശുപാർശയുടെ അടിസ്ഥാനത്തിൽ, സംസ്ഥാനത്ത് നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് മുൻഗണന നൽകി പരാമർശം (1) പ്രകാരമുള്ള ഉത്തരവിലെ പദ്ധതിയിൽ കോൾ കർഷക സഹകരണ സംഘങ്ങളെ കൂടി ഉൾപ്പെടുത്തി ടി ഉത്തരവിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പരാമർശം (1) ഉത്തരവ് മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**പി.എസ്. രാജേഷ്**
**അഡീഷണൽ സെക്രട്ടറി**

To

1) സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.
2) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
3) അഗ്രിക്കൾച്ചറൽ പ്രൊഡക്ഷൻ കമ്മീഷണർ
4) ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
5) കൃഷി വകുപ്പ് (vide GO(Rt) 2040/2009/AD dated 09.12.2009)
6) ധനകാര്യ വകുപ്പ്.
7) ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
8) കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ